നം. എൻ2/90010/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 03/09/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ദുരിതാശ്വാസ പ്രവർത്തനം - 2018 ആഗസ്റ്റിലെ പേമാരിയും, വെള്ളപ്പൊക്കവും - ദുരന്തനിവാരണ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ - കേരളത്തിന്റെ പുനർ നിർമ്മാണം - വിദ്യാർത്ഥികളിലൂടെ - ഫണ്ട് ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 31.08.2018 ലെ മന്ത്രിസഭായോഗ തീരുമാനങ്ങൾ

2018 ആഗസ്റ്റ് 9 മുതൽ സംസ്ഥാനത്ത് നടമാടിയപ്രളയദുരന്തം കേരളത്തിൽ അക്ഷരാർത്ഥത്തിൽ നാശം വിതച്ചിരിക്കുകയാണ്. കാലവർഷക്കെടുതിമൂലം നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു. അനേകായിരങ്ങൾക്ക് വീടും, സമ്പാദ്യവും, വിലപ്പെട്ട രേഖകളും നഷ്ടപ്പെട്ടു. സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാനാവാത്ത വിധത്തിൽ കേടുപാടുകൾ സംഭവിക്കുകയോ പൂർണമായും നശിക്കുകയോ ചെയ്തിട്ടുണ്ട്. അനേകായിരം സ്കൂൾ കുട്ടികളുടെ പാഠ പുസ്തകങ്ങൾ, യൂണിഫോം, പഠനോപകരണങ്ങൾ തുടങ്ങിയവ പൂർണ്ണമായും നശിക്കുകയോ/നഷ്ടപ്പെടുകയോ ചെയ്തു.

ഈ സാഹചര്യത്തിൽ ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുന്നതോടൊപ്പം കേരളത്തെ പുനർനിർമ്മിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയും കർത്തവ്യവുമാണ്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ്, ഇതര സ്വകാര്യ സ്കൂളുകൾ/CBSE/ICSE/KV/ നവോദയ സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികളിൽ നിന്നും ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളിൽ നിന്നും സ്വരൂപിക്കുന്ന ദുരിതാശ്വാസ ഫണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിരിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ജഗതി ശാഖ) ചുവടെ പറയുന്ന കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| **കറന്റ് അക്കൗണ്ട് നമ്പർ** | - | **37918513327** | **എസ്.ബി.ഐ. ജഗതി** |
| **IFS കോഡ്** | - | **SBIN0070568** | **തിരുവനന്തപുരം** |

2018 സെപ്തംബർ 11 ന് കേരളത്തിലാകമാനമുള്ള സ്കൂൾ കുട്ടികളിൽ നിന്നും ദുരിതാശ്വാസ ഫണ്ട് ശേഖരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ഏകദിന ധനസമാഹരണ യജ്ഞത്തിലൂടെ പരമാവധി ദുരിതാശ്വാസ നിധി സ്വരൂപിക്കുവാൻ എല്ലാ സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ്, ഇതര സ്വകാര്യ സ്കൂളുകൾ/CBSE /ICSE/ KV/നവോദയ സ്കൂളുകൾ എന്നിവടങ്ങളിലെ പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ചും സമാഹരിച്ച ഫണ്ട് പ്രസ്തുത അക്കൗണ്ടിൽ അടയ്ക്കാവുന്നതാണ്.

ഇന്റർനെറ്റ് ബാങ്കിംഗ്/ഡെബിറ്റ് കാർഡ് മുഖേന പണം നിക്ഷേപിക്കാവുന്നതാണ്. പണമായി നിക്ഷേപിക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ ലിങ്കിൽ നിന്നും ലഭിക്കുന്ന 'ചെലാൻ' ഉപയോഗിച്ച് കേരളത്തിലെ ഏത് എസ്.ബി.ഐ ശാഖയിലും മറ്റ് ചാർജ്ജുകൾ ഒന്നും നൽകാതെ പണം അടയ്ക്കാവുന്നതാണ്.

കുട്ടികളിൽ നിന്ന് ധനസമാഹരണം നടത്തുമ്പോൾ യാതൊരു കാരണവശാലും കുട്ടികളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല. ക്ലാസ് തലത്തിൽ പൊതുവായി പണം ശേഖരിച്ച ശേഷം സ്കൂളിലെ പൊതുവായ ഫണ്ട് എന്ന നിലയ്ക്ക് പ്രഥമാധ്യാപകർ/പ്രിൻസിപ്പാൾ മേൽ പറഞ്ഞ അക്കൗണ്ടിലേയ്ക്ക് പണം അടയ്ക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പകർപ്പ് :-**

1. **എല്ലാ ഡി.ഡി.ഇ മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**
4. **എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് പ്രൈവറ്റ് സ്കൂൾ/** CBSE/ICSE **പ്രഥമാധ്യാപകർക്കും/പ്രിൻസിപ്പൾമാർക്കും.**